സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിനും പുത്തൂരിലെ സുവോളജിക്കൽ പാർക്കിനും 2012-13-ൽ അനുവദിച്ച തുകയും അവശേഷിക്കുന്ന തുകയും ചുവടെ ചേർക്കുന്നു:

പദ്ധതി	അനുവദിച്ച തുക (ലക്ഷത്തിൽ)	അവശേഷിക്കുന്ന തുക (ലക്ഷത്തിൽ)
വാഗമൺ	50.010	00.010
പുത്തൂർ	250.010	00.010

(സി) നടപ്പിലാക്കാത്ത പദ്ധതികൾ ഒന്നും തന്നെയില്ല.

(ഡി) വാഗമണ്ണിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഓർക്കിഡ് ഉദ്യാനവും പുത്തൂരിലെ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും 2012-13-ൽ തന്നെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

നിലവിൽ വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുകയും പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുമുണ്ട്. പുത്തൂരിലെ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രത്തിന്റെ പ്രവൃത്തികളും പുരോഗമിച്ചുവരികയാണ്.

മംഗളാദേവിയിലെ കണ്ണകി ക്ഷേത്രം

290 (T[1]2119) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും കേരളത്തിനുള്ളിലുള്ളതും പെരിയാർ കടുവാ സങ്കേതത്തിന് ഉള്ളിലുള്ളതുമായ മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിലേക്ക് വർഷം മുഴുവൻ പ്രവേശനത്തിന് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭാഗം തമിഴ് നാടിന്റേതാണെന്നുള്ള അവകാശവാദം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; തമിഴ് നാടിന്റെ പ്രസ്തുത നീക്കത്തെ ചെറുക്കുന്നതിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾ നിസ്സംഗത പാലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പെരിയാർ കടുവ സങ്കേതത്തിന്റെ ബഫർ സോണിൽ ഉൾപ്പെട്ടിട്ടുള്ള മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിന്റെ സംരക്ഷണവും, ക്ഷേത്രത്തിലേക്ക് വർഷംമുഴുവൻ പ്രവേശനത്തിന് അനുവാദവും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കമ്പം ആസ്ഥാനമായ മംഗളാദേവികണ്ണകി ട്രസ്റ്റ് ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 14853/14 നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് കോടതിയുടെ അന്തിമ തീർപ്പായിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത ഭാഗം തമിഴ്നാടിന്റേതാണെന്നുള്ള അവകാശവാദം ഉന്നയിക്കപ്പെട്ടിട്ടില്ല. മംഗളാദേവി ക്ഷേത്രവും ക്ഷേത്രത്തിലേക്കുള്ള നടപ്പാതയും പെരിയാർ കടുവാ സങ്കേതത്തിന്റെ ബഫർസോണിലും സമീപ വനഭാഗം പെരിയാർ കടുവാ സങ്കേതത്തിന്റെ കോർ സോണിലും ഉൾപ്പെടുന്നു. മാത്രമല്ല പ്രസ്തുത വനഭാഗം കടുവ, വരയാട്, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികളുടെ ആവാസവ്യവസ്ഥയും കൂടിയായതിനാൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ടി കേസിൽ യഥാസമയം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. കേസ് നടത്തിപ്പിന്റെ കാര്യത്തിൽ വനംവകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ല.

(സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

പാട്ടക്കരാർ ലംഘനം

291 (2120) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘനം നടത്തി വനഭൂമി കൈവശം വച്ചിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം കൈവശം വച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത വനഭൂമികളുടെ പാട്ടകാലാവധികൾ എന്നാണ് അവസാനിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പാട്ടകുടിശിക വരുത്തിയിട്ടുള്ള പാട്ടകരാറുകാർ ആരെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പാട്ടക്കരാർലംഘനവും, പാട്ടകുടിശികയും വരുത്തിയവർക്കെതിരെ വനംവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം ഭൂമിയാണ് വനംവകുപ്പ് ഏറ്റെടുത്തത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) കരാർലംഘനം നടത്തിയ വനഭൂമി ഏറ്റെടുക്കുന്നതിന് കോടതിയുടെ സ്റ്റേ നിലവിലുണ്ടോ ; ഏതെല്ലാം ഭൂമി ഏറ്റെടുക്കുന്നതിനാണ് സ്റ്റേ എന്നറിയിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?